## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**5312** **27.07.2015** ലെ മറുപടിയ്ക്ക്

### മേപ്പാടി പോളിടെക്നിക്കിന്റെ നിർമ്മാണ പുരോഗതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മേപ്പാടി പോളിടെക്നിക്കിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) മേപ്പാടി ഗവണ്മെന്റ് പോളിടെക്നിക്കിൽ മെയിൻ ബിൽഡിംഗ്, വനിതാ ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ എന്നീ മൂന്ന് കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നത്. പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br><u>1. മെയിൻ ബിൽഡിംഗ്:</u><br>മേപ്പാടി ഗവണ്മെന്റ് പോളിടെക്നിക്കിന്റെ മെയിൻ ബിൽഡിംഗിന്റെ 40% പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയത്. നിലവിൽ കരാറുകാരനെ സ്വന്തം റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയിട്ടുള്ളതാണ്. ബാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ച് വരുന്നു.<br><br><u>2.വനിതാ ഹോസ്റ്റൽ</u> : മേപ്പാടി ഗവണ്മെന്റ് പോളിടെക്നിക്കിന്റെ വനിതാ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ 40% (സ്ട്രക്ച്ചർ മാത്രം) പൂർത്തിയാവുകയും, 2014 ഒക്ടോബർ മാസത്തിനുശേഷം പ്രവൃത്തികൾ ഒന്നും തന്നെ നടന്നിട്ടില്ലാത്തതുമാണ്. പ്രവർത്തന പുരോഗതിയില്ലാത്തതിനാൽ കരാറുകാരനെ സ്വന്തം റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>3.മെൻസ് ഹോസ്റ്റൽ</u> : മേപ്പാടി ഗവണ്മെന്റ് പോളിടെക്നിക്കിന്റെ മെൻസ് ഹോസ്റ്റലിന്റെ ഫിനിഷിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) നിർമ്മാണം നടന്ന പ്രവൃത്തികൾക്കുള്ള ബില്ലുകളുടെ എൽ.സി. ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) ഇത് സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഫയലുകൾ നിലവിലുള്ളതായി അറിവുണ്ട്: വ്യക്തമാക്കുമോ ? | (സി) മേപ്പാടി ഗവണ്മെന്റ് പോളിടെക്നിക്കിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ഫയൽ പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**